**Keraleeyam**

**Rs. 25/-** 2019 October Vol. 20 Issue 10

# 'ഹാരിസൺസ്: രേഖയില്ലാത്ത ജന്മി' ഭൂസമരങ്ങൾ കരുത്തുപകരുന്ന പുസ്തകം

**എം.പി. കുഞ്ഞിക്കണാരൻ**

ഹാരിസൺസ് (ഗോയങ്കെ), കണ്ണൻദേവൻ (ടാറ്റ), TR and T (ട്രാവൻകൂർ റബ്ബേഴ്സ് ആൻഡ് ടീ ലിമിറ്റഡ്) തുടങ്ങിയ ഏതാനും തോട്ടം കമ്പനികളും അവരുടെ ബിനാമികളും ഈ കൊച്ചു കേരളത്തിൽ അഞ്ച് ലക്ഷത്തി ഇരുപത്തി അയ്യായിരം ഏക്കർ ഭൂമി (റവന്യൂ ഭൂമിയുടെ പാതിയിൽ കൂടുതൽ) നിയമവിരുദ്ധമായി, ഭരണഘടന വകുപ്പുകളെ പോലും അട്ടിമറിച്ചുകൊണ്ട് ഇപ്പൊഴും കൈവശംവച്ചുകൊണ്ടിരിക്കയാണ്. സ്വാതന്ത്ര്യത്തിന്റെ ഏഴ് ദശകങ്ങൾ പിന്നിട്ടിട്ടും എലിസബത്ത് രാജ്ഞി 59,000 ഏക്കർ ഭൂമിക്ക് നികുതി അടച്ച് കൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. ഒരു ലക്ഷം ഏക്കർ ഭൂമിയോളം ഹാരിസൺസ് മലയാളം കമ്പനി നിയമവിരുദ്ധമായി വ്യാജരേഖകൾ മുറുകെപ്പിടിച്ചുകൊണ്ട് ഇപ്പോഴും കയ്യടക്കിയിരിക്കുന്നു. വ്യാജ അവകാശവാദങ്ങളുടെയും കള്ള രേഖകളുടെയും മറപറ്റി, ഒരു ലക്ഷത്തി എൺപത്തി ആറായിരത്തോളം ഏക്കർ ഭൂമി ടാറ്റ കയ്യടക്കിയിരിക്കുന്നു. കൊട്ടിഘോഷിക്കപ്പെട്ട ഭൂപരിഷ്കരണത്തിനു ശേഷമുള്ള വർത്തമാന കേരളത്തിലെ ജീർണ്ണിച്ചതും ജനാധിപത്യവിരുദ്ധവുമായ ഭൂബന്ധങ്ങളുടെ ഞെട്ടിപ്പിക്കുന്ന ബാക്കിപത്രമാണിത്. നമ്മുടെ കാലത്ത് ഈ ഭൂബന്ധങ്ങൾ സൃഷ്ടിക്കുന്ന ദുരന്തഫലങ്ങൾ ഏറ്റുവാങ്ങേണ്ടി വരുന്നതാകട്ടെ കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന അടിസ്ഥാന ജനവിഭാഗങ്ങളടങ്ങിയ കേരള ജനത ഒന്നടങ്കമാണ്.

കേരള സംസ്ഥാനത്തിലെ കാർഷിക ജനസംഖ്യയിൽ 56 ശതമാനത്തോളം വരുന്ന ദലിത്-ആദിവാസി ജനവിഭാഗങ്ങൾ, തോട്ടം തൊഴിലാളികൾ, ഭൂരഹിതരായ കർഷകർ, കർഷക തൊഴിലാളികൾ തുടങ്ങി വലിയൊരു വിഭാഗം മണ്ണിൽ പണിയെടുക്കുന്നവർ ഇപ്പൊഴും ഭൂരഹിതരാണ്. നാല് സെന്റ്, രണ്ട് സെന്റ് ലക്ഷം വീട് കോളനികളിലും ആറ്റ് പുറമ്പോക്കുകളിലും റെയിൽവേ പുറമ്പോക്കുകളിലും നഗരപ്രാന്തങ്ങളിലെ ചേരികളിലുമായി അവർ ജീവിതം തള്ളിനീക്കുന്നു. ഒരോ മലവെള്ളപ്പാച്ചിലിലും ജീവൻ മണ്ണിനടിയിൽപ്പെട്ടുപോകുന്നവർ അല്ലെങ്കിൽ സർവ്വതും നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ വർഷാവർഷങ്ങളിൽ അഭയം പ്രാപിക്കാൻ വിധിക്കപ്പെട്ടവർ. പത്ത് സെന്റ് കുടികിടപ്പിൽ നിന്നും തുടങ്ങി ലക്ഷം വീട് നാല് സെന്റ് രണ്ട് സെന്റ് കോളനികളിലും, കാറ്റും വെളിച്ചവും കടന്നുചെല്ലാത്ത ലൈഫ് ഫ്ളാറ്റ് പാർപ്പിട പദ്ധതിയിലും എത്തിനിൽക്കുന്നു. നഗരങ്ങളിൽ മാത്രമായി 11 ലക്ഷത്തിലേറെ വീടുകൾ ആൾപ്പാർപ്പില്ലാതെ സമ്പന്ന വിഭാഗങ്ങൾ ഒഴിച്ചിട്ടിരിക്കുമ്പോൾ, രണ്ട് ലക്ഷത്തി നാല്പതിനായിരം കുടുംബങ്ങളിലെ 12 ലക്ഷം പാർപ്പിട രഹിതരെയും ലക്ഷക്കണക്കായ ഭൂരഹിതരെയും കൊണ്ട് ഈ ക്രൂരമായ യാഥാർത്ഥ്യങ്ങൾക്കുനേരെ കണ്ണടച്ചുകൊണ്ട് നവകേരളം പുനഃസൃഷ്ടിക്കുവാൻ അണിഞ്ഞൊരുങ്ങുകയാണ് നമ്മുടെ ഭരണാധികാരികൾ.

പത്രപ്രവർത്തകനായ ആർ.സുനിൽ തയ്യാറാക്കിയ 'ഹാരിസൺസ് രേഖയില്ലാത്ത ജന്മി' എന്ന പുസ്തകം പുതിയ ഒരു ജനാധിപത്യ കേരളത്തിന്റെ സൃഷ്ടിക്ക് വേണ്ടിയുള്ള കരുത്തുറ്റ ആയുധമായി മാറുന്നത് ഇവിടെയാണ്. സ്വാതന്ത്ര്യത്തിന് ശേഷമുള്ള ഏഴ് ദശകങ്ങൾക്ക് ശേഷവും നമുക്ക് അവകാശപ്പെട്ട ലക്ഷക്കണക്കിന് ഏക്കർ ഭൂമിയിൽ പിടിമുറുക്കിയിരിക്കുന്ന ശക്തികൾ ആരൊക്കെ, എങ്ങിനെയൊക്കെയാണെന്നും ഇതിനായി ഇവർക്ക് നിലപാടുകളിൽ വെള്ളം ചേർത്ത് സംരക്ഷണം നൽകുന്നതാരാണെന്നും ഈ പുസ്തകം വെളിപ്പെടുത്തുന്നു.

കേരളത്തിലെ ദലിത് ആദിവാസി ജനവിഭാഗങ്ങളുടേയും, തോട്ടം തൊഴിലാളികളുടേയും, ഭൂരഹിതരായ കർഷക-കർഷക തൊഴിലാളികളുടെയും ഭൂമിക്ക് വേണ്ടിയുള്ള പോരാട്ടങ്ങൾക്ക് ഈ പുസ്തകം നൽകുന്ന കരുത്തു ചില്ലറയല്ല. തീർച്ചയായും അന്വേഷണ കമ്മീഷനുകളിലൂടെയും പഠനറിപ്പോർട്ടുകൾ സമർപ്പിച്ചതിലൂടെയും സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളുന്ന, ജനാധിപത്യ കേരളം കടപ്പെട്ടിരിക്കുന്ന മനുഷ്യ സ്നേഹികളോടൊപ്പം സുനിലിന്റെ ഈ ഉദ്യമവും വിസ്മരിക്കപ്പെടുകയില്ല.

*(ഒക്ടോബർ 5ന് എഴുതിയ ഫെയ്സ്ബുക്ക് പോസ്റ്റിൽ നിന്നും)* ■




**കേരളീയം പുസ്തകശാലയുടെ പുതിയ പുസ്തകം**

ഹാരിസൺസ് മലയാളം ലിമിറ്റഡ് എന്ന വിദേശ കമ്പനിയുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ചെറുവിരലനക്കാൻ പോലും കഴിയാത്ത ഭരണ-രാഷ്ട്രീയ അപചയങ്ങളുടെ ചരിത്രത്തിലേക്ക് വഴിതുറക്കുന്ന ആദ്യ പുസ്തകം.

**ഹാരിസൺസ്: രേഖയില്ലാത്ത ജന്മി**

**ആർ. സുനിൽ**

**വില: 240 രൂപ. പേജ്: 260**

**കോപ്പികൾക്ക്: 0487 2421385,8943221148. mailkeraleeyam@gmail.com**

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021.
Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com